**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2046** **05-02-2026 - ൽ മറുപടിയ്ക്ക്**

**എറണാകുളം ജില്ലയിൽ എൽ.പി. എസ്.ടി. തസ്തികയിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | എറണാകുളം ജില്ലയിലെ എൽ.പി.എസ്.ടി. (കാറ്റ.നം. 709/2023) തസ്തികയുടെ റാങ്ക് ലിസ്റ്റിൽ ആകെ എത്ര ഉദ്യോഗാർത്ഥികളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | റാങ്ക് പട്ടികയുടെ മുഖ്യ പട്ടികയിൽ 274 ഉദ്യോഗാർത്ഥികളും വിവിധ സംവരണ സമുദായങ്ങൾക്കുള്ള ഉപപട്ടികകളിൽ 241 ഉദ്യോഗാർത്ഥികളും ഭിന്നശേഷി വിഭാഗത്തിന്റെ പട്ടികയിൽ 5 ഉദ്യോഗാർത്ഥികളും ഉൾപ്പെടെ ആകെ 520 ഉദ്യോഗാർത്ഥികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമന ശിപാർശ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ; | (ബി) | ഒൻപത്. |
| (സി) | നിലവിൽ എറണാകുളം ജില്ലയിൽ വിവിധ സ്കൂളുകളിൽ എൽ.പി.എസ്.ടി. തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി. ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ; | (സി) | 2026 വർഷത്തെ 17 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിയമന ശിപാർശ നൽകുന്നതിനുള്ള നടപടി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിക്കുന്നതാണ്. |
| (ഡി) | നിലവിലുള്ള ഒഴിവുകളിലേക്ക് അടിയന്തരമായി നിയമന ശിപാർശ നൽകുന്നതിന് നടപടി സ്വീകരിക്കാമോ? | (ഡി) | 2026 വർഷത്തെ 17 പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുകൾ പ്രാബല്യത്തിൽ വരുന്ന തീയതിയിൽ നിയമന ശിപാർശ നൽകുന്നതിനുള്ള നടപടി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ